**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1340** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഡസ്റ്റിനേഷൻ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഡസ്റ്റിനേഷൻ ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | **ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". 08.06.2022 ന സംസ്ഥാനതല ഉദ്ഘാടനം നടന്ന ഈ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>തിരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ് ബാക്കിതുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇതിനായി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 'പദ്ധതി റിപ്പോർട്ട്' ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ് ലോഡ് ചെയ്യേണ്ടതും വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്.** |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | **ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". 08.06.2022 ന സംസ്ഥാനതല ഉദ്ഘാടനം നടന്ന ഈ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം** |

| | | | |
|---|---|---|---|
| | | | **വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ് ബാക്കിതുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇതിനായി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 'പദ്ധതി റിപ്പോർട്ട്' ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ് ലോഡ് ചെയ്യേണ്ടതും വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്.** |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ; എങ്കിൽ അപേക്ഷയിൽ ഉൾക്കൊള്ളിക്കേണ്ട രേഖകൾ വിശദമാക്കാമോ; | (സി) | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിയ്ക്കുള്ളിലെ വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശം തിരിച്ചറിഞ്ഞ്/കണ്ടെത്തിയ പദ്ധതിയുടെ ഡിപിആർ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി അതിനോടൊപ്പം PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റും വിനോദ സഞ്ചാര വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോം വഴി സമർപ്പിക്കേണ്ടതാണ്. പദ്ധതിയ്ക്കാവശ്യമായ നിയമപരമായ എല്ലാ അനുവാദങ്ങളും നിർദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഭൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള ലാൻഡ് എൻ.ഒ.സി. യും പ്രൊപ്പോസലിനൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കി സമർപ്പിച്ചിരിക്കണം. പദ്ധതി പ്രദേശത്തു നിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത ടൂറിസം പദ്ധതിയുടെ കൃത്യമായ നടത്തിപ്പിനും പരിപാലനത്തിനുമായി ഉപയോഗിക്കേണ്ടതിനാൽ പദ്ധതി പ്രൊപ്പോസലിനോടൊപ്പം തന്നെ ഈ വരുമാനവും അതിന്റെ ഉപയോഗവും സംബന്ധിച്ച ഒരു ബിസിനസ് പ്ലാൻ കൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.** |
| (ഡി) | പള്ളിക്കത്തോട് പഞ്ചായത്തിൽ ഉൾപ്പെടുന്ന അരുവിക്കുഴി, ഡസ്റ്റിനേഷൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | **പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തി വികസിപ്പിക്കുക എന്നതാണ് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അരുവിക്കുഴി, നിലവിൽ ഒരു ടൂറിസം കേന്ദ്രം ആയതുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കില്ല.** |

സെക്ഷൻ ഓഫീസർ